# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 239** **28.05.2019 ൽ മറുപടിയ്ക്ക്**

**ഇ-ഗസറ്റ് സംവിധാനം**

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**,, പി.ജെ.ജോസഫ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, സി.എഫ്.തോമസ് :** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇ-ഗസറ്റ് സംവിധാനം അവസാനിച്ചിരിക്കുന്നതിനാൽ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ലഭിക്കുന്നതിനു വേണ്ടി സാധാരണ ക്കാർ ബുദ്ധിമുട്ടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും (സി) യും | ഇ ഗസറ്റ് സംവിധാനം 2007 മുതൽ സി ഡിറ്റ് മുഖേനയാണ് ചെയ്തു വരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ , 2011 മുതലുള്ള കുടിശ്ശിക ലഭിക്കാത്തതിനെ തുടർന്നാണ് ഇ ഗസറ്റ് സംവിധാനം (കേരള ഗസറ്റ് ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നത്)സി-ഡിറ്റ് നിർത്തലാക്കിയത്.പ്രസ് തുത തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.പ്രസ് തുത സംവിധാനം പുന:സ്ഥാപിക്കുന്നതിനു അച്ചടി വകുപ്പ് ഡയറക്ടർ സി ഡിറ്റ് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.printing.kerala.gov.in** മുഖേന നേരിട്ട് ഔദ്യോഗിക ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | കഴിഞ്ഞ കാലഘട്ടങ്ങളിൽ സർക്കാരിന്റെ ഏത് ഏജൻസി വഴിയാണ് ഇ-ഗസറ്റ് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരുന്നത്;ഇപ്പോൾ ഇത് ആർക്കെങ്കിലും ചുമതലപ്പെടുത്തി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | ഗസറ്റ് വിജ്ഞാപനങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതു മൂലം സാധാരണക്കാർ അനുഭവിക്കുന്ന ദുരിതത്തിനും ഗവൺമെൻറ് പ്രസ്സിൽ ഇന്നുണ്ടായിട്ടുള്ള കാലതാമസത്തിനും പരിഹാരം കാണുന്നതിന് | | |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ; | | |
| (ഡി) | സംസ്ഥാനത്ത് പ്രിൻറിംഗ് പ്രസ്സുകളിൽ ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും പഴക്കംചെന്ന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നത് നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | പുതിയ സാങ്കേതിക വിദ്യയിലുള്ള മെഷീനുകൾ വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ഇ) | ഗസറ്റുകളുടെ പകർപ്പ് സമയത്തിന് ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആയത് എന്നുമുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ? | (ഇ) | ഡിജിറ്റൽ രൂപത്തിലുള്ള ഇ ഗസറ്റ് അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.printing.kerala.gov.in** മുഖേന നേരിട്ട് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**